# ഞാൻ ഒരു നിരീശ്വരവാദിയായിരുന്നു

**ജി.വി.കെ. വാര്യർ**

ഒരു വലിയ ബ്രാഹ്മണ തറവാട്ടിലാണ് ഞാൻ ജനിച്ചത്. ബ്രാഹ്മണപാരമ്പര്യമനുസരിച്ച വളർന്നുവന്ന ഞാൻ 15–ാമത്തെ വയസ്സിൽ ഈശ്വരനെ ഉപേക്ഷിച്ചു. പ്രകൃതിയ്ക്കതീതമായി ഒരു ശക്തി ഇല്ലെന്നും, ഈശ്വര വിശ്വാസം കപടമാണെന്നും ഞാൻ വിശ്വസിച്ചു ഞാൻ പ്രീഡിഗ്രി പരീക്ഷയിൽ തോററു. എന്റെ ബിസിനസ്സ് തകർന്നു. അർഹമായ ഒരു പണി കിട്ടിയില്ല. എന്നിട്ടും ഞാൻ ദൈവത്തെ വിളിച്ചില്ല. ഒരു തൊഴിലിനായി നിരവധി ടെസ്ററുകളെഴുതി, പല പല ഇൻറർവ്യൂകളിൽ പങ്കെടുത്തു. 'പണമില്ലാത്തവന് പണിയുമില്ല'. കത്തിക്കാളുന്ന വിശപ്പ് എന്നെ തളർത്തി. പട്ടിണി എന്നെ കാർന്നുതിന്നാൻ തുടങ്ങി.. ഞാനാകെ തളർന്ന വശനായി. ഒടുവിൽ 1983 ജൂൺ 18–ാം തീയതി എന്റെ ജീവിതത്തിലെ ഇരുട്ട നിറഞ്ഞ ഒരു അദ്ധ്യായത്തിന്റെ ആരംഭം കുറിക്കപ്പെട്ടു.

തിരുവനന്തപുരത്തുള്ള ഒരു പെട്രോൾപമ്പിൽ; മഴയും വെയിലും മഞ്ഞും തണുപ്പും സഹിച്ച് ദിവസം 16 മണിക്കൂർ ജോലിചെയ്യാൻ ഞാൻ നിർബന്ധിതനായി. ഈ കഠിനാദ്ധ്വാനത്തിന് പ്രതിഫലമായി കിട്ടിയിരുന്നത് കേവലം 10രൂപാ മാത്രമായിരുന്നു. എന്റെ സുഹൃത്തുക്കളിൽ പലരും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിലൂടെ പണം സമ്പാദിക്കുവാൻ സമർത്ഥരായിരുന്നു. അധോലോകത്തിന്റെ അധഃപ്പതിച്ച സംസ്കാരം എന്നെ ഒററപ്പെടുത്തി. ഏകാന്തതയും, ദാരിദ്ര്യവും, നിരാശാബോധവും എന്നെ ഒരു രോഗിയാക്കി മാററി. 27–10–87–ൽ ജോലി മതിയാക്കി നാട്ടിലേക്കു മടങ്ങിയപ്പോഴും ശാരീരികവും മാനസികവുമായി ഞാൻ തകർന്നു തരിപ്പണമായി കഴിഞ്ഞിരുന്നു. ശബരിമലയിൽ പോയി വഴിപാടു നടത്തിയാൽ സമാധാനം കിട്ടുമെന്ന് പലരും ഉപദേശിച്ചു. എന്നാൽ അപ്പോഴും ഞാൻ ഈശ്വരനെ നിഷേധിക്കുകയായിരുന്നു.

## 'ആത്മഹത്യ'—ഞാൻ കണ്ട ഏക മാർഗ്ഗം

എന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ആത്മഹത്യ മാത്രമാണെന്ന് ഞാൻ മനസ്സിലാക്കി, ഈ ലോകത്തോട് എന്നന്നേക്കുമായി വിടപറയുവാൻ തന്നെ ഞാൻ തീരുമാനിച്ചു. നാലേക്കർ പുരയിടത്തിൽ സ്ഥിതിചെയ്യുന്ന എന്റെ അച്ഛന്റെ വീട്ടിൽ ആദ്യവും അവസാനവുമായി 200 മില്ലീലിററർ ചാരായവും വാങ്ങിക്കൊണ്ടായിരുന്നു അന്നു ഞാൻ പോയത്. അതോടൊപ്പം ടിക് 20 എന്ന വിഷവും കലർത്തി. മരണത്തിന് നാടകീയത കൈവരിക്കുവാൻ

MGM Ministries-Article Source: Jyothimargom, June 1988, Vol. 5, No. 6, Page 11- 13

ആഗ്രഹിച്ച എനിക്ക് മരണാനന്തര ജീവിതത്തെക്കുറിച്ച് യാതൊരു ചിന്തയുമുണ്ടായിരുന്നില്ല. സ്വർഗ്ഗവും നരകവും യുക്തിവാദികൾക്കില്ലല്ലോ.

### ഞാൻ നിരീശ്വരനായാൽ ഈശ്വരൻ ഇല്ലാതാകുമോ?

ശക്തമായ കാററടിച്ച് മേശവിളക്കണഞ്ഞു. ഇരുട്ട് കട്ടപിടിച്ചു. എന്നിട്ടും എന്റെ കൈ വിറച്ചില്ല; മനസ്സ് പതറിയില്ല, ഗ്ലാസ്സ് താഴെ വീണില്ല. വിഷലായനി ഞാൻ ചുണ്ടോടടുപ്പിച്ചു.

പെട്ടെന്ന് കൺമുന്നിൽ ഒരു പ്രകാശഗോളം! ഇടിമിന്നലിന്റെ തിളക്കം!.. അതുകണ്ട് കണ്ണു മഞ്ഞളിച്ചു പ്രകാശം ക്രമേണ ഒരു മനുഷ്യാകൃതി പ്രാപിച്ചു എന്നിട്ടും ഗ്ലാസ്സ് താഴെവീണില്ല. 'ആസന്ന മരണ നിമിഷങ്ങളിൽ ഉപബോധ മനസ്സിൽ മിഥ്യാ ദർശനങ്ങൾ കാണു'മെന്ന് യുക്തിവാദികളുടെ ആചാര്യനായ ശ്രീ. ഏ.ററി. കോവൂർ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. ഇനി ഒരു നിമിഷം വൈകിയാൽ പരാജയപ്പെട്ടുമെന്നറിഞ്ഞു. ഗ്ലാസ് വീണ്ടും ചുണ്ടോട് ചേർത്ത്.. ഒററ വലിയ്ക്ക് മരണത്തെ ആവാഹിക്കുവാൻ ശ്രമിച്ചപ്പോൾ പ്രകാശത്തിന്റെ ട്രാൻസ്പേരന്റായ കൈനീണ്ട് എന്റെ കയ്യിൽ ശക്തിയായി അടിച്ചു, ഗ്ലാസ്സ് താഴെ വീണു തകർന്നപ്പോൾ ഞാനും ഞെട്ടിവിറച്ചു.

### അത്ഭുതങ്ങളിൽ അത്ഭുതം

കണ്ണുതുറിച്ച് കൈയുടെ പ്രകാശത്തെനോക്കി. പ്രകാശം മാറി ഒരു മനുഷ്യന്റെ കൈപ്പത്തി രൂപാന്തരപ്പെട്ടുവന്നു. പിഞ്ചുകുഞ്ഞിന്റെ ചോരതുടിപ്പുള്ള കൈ. അതിന്റെ നടുവിൽ ഒരു മുറിപ്പാട് ഞാൻ കണ്ടു ഒന്നുകൂടി ഞെട്ടി. ഇററിററു വീഴുന്ന രക്തകണങ്ങൾക്ക്, പുതുമഴയിൽ കുതിർന്ന മണ്ണിന്റെ തീക്ഷണഗന്ധം.........!

### യേശു ഇന്നും ജീവിക്കുന്നു

യേശു! അതേ ജീവിക്കുന്ന യേശു..! പ്രകാശത്തിന്റെ മുഖത്തേക്ക് നോക്കി. അവിടെയും രൂപാന്തരം— അതെ സഹോദരാ, ലോകരക്ഷകനായ ക്രിസ്തുവിന്റെ ദുഃഖം ഘനീഭവിച്ച് മൗനമായിത്തീർന്ന മുഖം, അപ്പോൾ എന്റെ ഹൃദയം തകർന്നുപോയി പ്രകാശത്തിന്റെ പാദങ്ങളിലേക്ക് തളർന്നുവീണു. ശബ്ദം പുറത്തുവരാത്തതുകൊണ്ട് ഹൃദയം ചോദിച്ചു അന്ന് യഹൂദന്മാർ ക്രൂശിച്ച നല്ലവനായ യേശുദേവ, നീ ഒരു മനുഷ്യൻ മാത്രമല്ലെന്ന് ഞാൻ വിശ്വസിക്കണമോ? സത്യമായും നീ ഉയിർത്തെഴുന്നേററു.. എങ്കിൽ....

### യേശു ക്രിസ്ത്യാനികളുടെ മാത്രം ദൈവമോ?

ഞാൻ വീണ്ടും ചോദിച്ചു. യേശുവേ! എന്റെ അടുത്ത് ഈ സമയത്ത് നീ എന്തിനുവന്നു? ഈ നിമിഷംവരെ നീ ദൈവമെന്ന് ഞാൻ വിശ്വസി

ച്ചവനല്ലല്ലോ. അല്ലെങ്കിലും ഞാനൊരു ക്രിസ്ത്യാനിയല്ല. ഞാൻ മരിച്ചാൽ നിനക്കെന്തു ചേതം? നിന്നെ വിശ്വസിക്കുന്ന ക്രിസ്ത്യാനികളെ മാത്രം നിനക്കു് രക്ഷിച്ചാൽ പോരേ?

## യേശുവിന്റെ മധുര ശബ്ദം.

എന്റെ തലയിൽ കരസ്പർശനം. വൈദ്യുതി ഉയർന്ന വോൾട്ടേജിൽ എന്നിൽ പ്രസരിച്ചു. ഹിപ്പിത്തലമുടിയിൽ രക്തത്തിന്റെ നനവ് അലിയുന്നതു് ഞാനറിഞ്ഞു. 'നീ എനിക്കുവേണ്ടി ജീവിക്കണം' ഇടിമുഴക്കം പോലെ ഘനഗംഭീരമായ ദൈവശബ്ദം......... തേൻകട്ടയുടെ മാധുര്യത്തോടെ ഹൃദയത്തിൽ പലവട്ടം പ്രതിധ്വനിച്ചു. മഞ്ഞിൻകണങ്ങൾ വീണ മൃദുല റോസാദളങ്ങൾ കൊണ്ടു് ഹൃദയം നിറഞ്ഞ പ്രതീതി.

## യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു

സഹോദരാ, ആരുടേയും ആരുമല്ലാത്ത; ഏകാന്തതയും ദുഃഖവും പേറി അലഞ്ഞുനടന്ന ഈ നിസ്സാരനെ ഇത്രത്തോളം സ്നേഹിക്കുവാൻ നമ്മുടെ യേശുക്രിസ്തു ഇന്നും ജീവിക്കുന്നതിൽ നാം എത്രമാത്രം ഭാഗ്യവാന്മാരാണ്! ദൈവനിഷേധിയും, പുറജാതിക്കാരനുമായ എന്നെ ഇത്രമാത്രം സ്നേഹിക്കുമ്പോൾ: താങ്കളേയും അവൻ സ്നേഹിക്കുന്നു. എന്റെയും നിന്റെയും പാപങ്ങളുടെ മോചനത്തിനാണ് അവൻ കുരിശിൽ കഷ്ടം അനുഭവിച്ചതു്.

## രക്ഷിക്കപ്പെടുവാൻ നിങ്ങൾ എന്തു ചെയ്യണം

നിങ്ങളുടെ പാപമെല്ലാം ഏറ്റുപറഞ്ഞു് ഉപേക്ഷിക്കണം. ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിക്കണം. കർത്താവായ യേശുവിനെ ഹൃദയം കൊണ്ടു് വിശ്വസിക്കുകയും വായ്കൊണ്ടു് ഏറ്റുപറയുകയും വേണം. അവനെ നിങ്ങളുടെ ഹൃദയത്തിൽ വാസം ചെയ്യുന്നതിനായി ക്ഷണിക്കണം. അങ്ങനെ യേശു നിങ്ങളുടെ ഹൃദയത്തിൽ വസിക്കട്ടെ! നാം ഓരോരുത്തരും യേശുവാകുന്ന മുന്തിരിച്ചെടിയുടെ കൊമ്പുകളായി വർദ്ധിച്ചു ഫലം കായ്ക്കണമെന്നു് ദൈവം ആഗ്രഹിക്കുന്നു. അതിന് ദൈവം നമ്മെ സഹായിക്കട്ടെ.

MGM Ministries-Article Source: Jyothimargom, June 1988, Vol. 5, No. 6, Page 11- 13

ക്രിസ്തുവിൽ നിങ്ങളുടെ
സഹോദരൻ.

ജി.വി.കെ. വാര്യർ
നവവീഥി
കിളിമാനൂർ
തിരുവനന്തപുരം.